LIBRARY ARCHIVES Kerala Legislative Assembly

രണ്ട് അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാർ വീതവും ഓരോ മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാർ വീതവുമാണുള്ളത്. ഗതാഗത കമ്മീഷണറുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ ഒന്നും 4 ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരുടെ കീഴിൽ 4-ഉം നാഷണലൈസ്ഡ് സെക്ടർ ആർ.ടി.ഒ. ഒഴികെയുള്ള 17 ആർ.ടി.ഒ.-മാരുടെ കീഴിൽ 34-ഉം സ്ക്വാഡുകളാണ് പ്രവർത്തിക്കുന്നത്.

അമിതവേഗത്തിൽ വാഹനം ഓടിച്ചതിന്റെ ശിക്ഷ

355 (366) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അമിതവേഗത്തിൽ വാഹനം ഓടിച്ചതിന്റെ പേരിൽ സംസ്ഥാനത്ത് എത്ര പേരുടെ ഡ്രൈവിംഗ്ലൈസൻസ് മൂന്ന്മാസ കാലയളവിലേക്ക് സസ്പെന്റ് ചെയ്യുകയുണ്ടായി ;

(ബി) മദ്യപിച്ച് വാഹനം ഓടിച്ച എത്ര പേർക്ക് തടവ് ശിക്ഷ ഉറപ്പാക്കുകയുണ്ടായി ;

(സി) റോഡ് സുരക്ഷാ നടപടികൾക്കായി സുപ്രീം കോടതി നിയോഗിച്ച ജസ്റ്റിസ് കെ.എസ്.രാധാകൃഷ്ണൻ സമിതി സംസ്ഥാനത്തിനനൽകിയ നിർദ്ദേശങ്ങൾ എന്തെല്ലാമായിരുന്നു ; അവയിൽ നടപ്പിലാക്കിയത് ഏതൊക്കെ; നിർദ്ദേശം ലഭിച്ചത് ഏത് തിയതിയിലായിരുന്നു ; എന്നുമുതൽ നടപ്പിലാക്കുകയുണ്ടായി ?

ഉത്തരം

(എ) 2015 ജനുവരി മുതൽ 289 പേരുടെ ലൈസൻസ് അമിതവേഗതയിൽ വാഹനമോടിച്ചതിന്റെ പേരിൽ സസ്പെന്റ് ചെയ്തിട്ടുണ്ട്.

(ബി) മദ്യപിച്ച് വാഹനം ഓടിച്ച ആർക്കെതിരെയും മോട്ടോർവാഹന വകുപ്പ് തടവുശിക്ഷ ഉറപ്പാക്കിയിട്ടില്ല.

(സി) ബഹുമാനപ്പെട്ട സുപ്രീംകോടതി നിയോഗിച്ച റോഡ് സുരക്ഷാ സമിതിയുടെ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു :

- സിഗ്നൽ അവഗണിക്കുന്നതുൾപ്പെടെയുള്ള അമിതവേഗത്തിലുള്ള വാഹന മോടിക്കൽ
- ചരക്ക് വാഹനങ്ങളിലെ അമിതഭാരം, ചരക്ക് വാഹനങ്ങളിൽ യാത്രക്കാരെ കൊണ്ടുപോകുന്നത്
- മദ്യവും മയക്കുമരുന്നുമുപയോഗിച്ചുള്ള വാഹനമോടിക്കൽ
- മൊബൈൽ ഫോണിൽ സംസാരിച്ചുകൊണ്ടുള്ള ഡ്രൈവിംഗ് എന്നീ നിയമലംഘനങ്ങൾക്ക് മോട്ടോർ വാഹന നിയമത്തിലെ 19-ാം വകുപ്പും കേന്ദ്ര മോട്ടോർ വാഹന ചട്ടങ്ങളിലെ 21-ാം ചട്ടമനുസരിച്ച് മൂന്ന് മാസത്തിൽ കുറയാതെ ഡ്രൈവിംഗ് ലൈസൻസ് സസ്പെന്റ് ചെയ്യുക, മദ്യവും മയക്കുമരുന്നുമുപയോഗിച്ച് വാഹനമോടിക്കുന്നവരെ മോട്ടോർ വാഹന നിയമത്തിന്റെ 185-ാം വകുപ്പനുസരിച്ച് പോലീസ് പ്രോസിക്യൂഷനും തടവ് ശിക്ഷയ്ക്കും വിധേയമാക്കുക, ഇരുചക്ര വാഹന യാത്രികർക്ക് ഹെൽമറ്റ് നിർബന്ധമാക്കുക, ഹെൽമറ്റ്, സീറ്റ് ബെൽറ്റ് എന്നിവ ധരിക്കുന്നതിൽ നിയമലംഘനം നടത്തുന്നവരെ രണ്ട് മണിക്കൂറിൽ കുറയാത്ത റോഡ് സുരക്ഷാ കൗൺസിലിംഗിന് വിധേയരാക്കുക എന്നിവയാണ് സമിതിയുടെ പ്രധാന നിർദ്ദേശങ്ങൾ.

ടി നിർദ്ദേശങ്ങളിന്മേൽ കർശനമായ തുടർനടപടികൾക്കായി വകുപ്പിലെ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സമിതിയുടെ നിർദ്ദേശങ്ങളിലൊന്ന് ഇരുചക്രവാഹനങ്ങളിലെ പിൻസീറ്റ് യാത്രക്കാർക്കും ഹെൽമറ്റ് നിർബന്ധമാക്കുക എന്നതാണ്. മോട്ടോർ വാഹന നിയമത്തിലെ 129-ാം വകുപ്പിന്റെ രണ്ടാമത് പ്രൊവൈസോ പ്രകാരം സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ചുകൊണ്ട് ഇരുചക്ര വാഹനങ്ങളിലെ പിൻസീറ്റ് യാത്രക്കാരെ ഹെൽമറ്റ് ധരിച്ചിരിക്കണമെന്ന വ്യവസ്ഥയിൽനിന്നും ഒഴിവാക്കിക്കൊണ്ട് 1989-ലെ കേരള മോട്ടോർ വാഹന ചട്ടങ്ങളിൽ 347 (എ) എന്ന ചട്ടം ഉൾപ്പെടുത്തുകയുണ്ടായി. കേരളത്തിന്റെ പ്രത്യേക സാഹചര്യവും പ്രായോഗിക വശങ്ങളും ഇരുചക്രവാഹനങ്ങൾ ഉപയോഗിക്കുന്ന വിവിധ വിഭാഗങ്ങളുടെ നിരന്തരമായ അപേക്ഷയും കണക്കിലെടുത്താണ് ടി ഇളവ് അനുവദിച്ചത്. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 16-9-2015-ലെ WP(C)

LIBRARY ARCHIVES Kerala Legislative Assembly

27865/2015-ലെ ഉത്തരവ് പ്രകാരം കേരള മോട്ടോർ വാഹന ചട്ടങ്ങളിലെ ചട്ടം 347 (എ) സ്റ്റേ ചെയ്തിട്ടുണ്ട്. ഇതിനെതിരെ സർക്കാർ ഡിവിഷൻ ബെഞ്ച് മുമ്പാകെ അപ്പീൽ സമർപ്പിച്ചിട്ടുണ്ട്. സുപ്രീം കോടതിയുടെ റോഡ് സുരക്ഷാ കമ്മിറ്റിയുടെ ശിപാർശകളുടെ പശ്ചാത്തലത്തിലും ഹൈക്കോടതിയിൽ നിലവിലുള്ള കേസ്സുകളുടെ വെളിച്ചത്തിലും സർക്കാരിന് പ്രായോഗികമായിചെയ്യാൻ കഴിയുന്ന നടപടികൾ സ്വീകരിക്കുന്നുണ്ട്. സമിതിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ വിവിധ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിൽ ഗതാഗത നിയമലംഘനങ്ങൾ നടത്തുന്ന ഡ്രൈവർമാർക്കുവേണ്ടി കൗൺസിലിംഗ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. മധ്യമേഖലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണറേറ്റിൽ നേരത്തെതന്നെ ഈ സംവിധാനം നിലവിലുണ്ട്. റോഡപകടങ്ങൾക്ക് കാരണമാകുന്ന മദ്യപിച്ചുള്ള വാഹനമോടിക്കൽ, മൊബൈൽ ഫോണിൽ സംസാരിച്ചുകൊണ്ടുള്ള ഡ്രൈവിംഗ്, സിഗ്നൽ അവഗണിച്ചുകൊണ്ടുള്ള ഡ്രൈവിംഗ് തുടങ്ങിയ ട്രാഫിക് നിയമലംഘനങ്ങളുടെ കാര്യത്തിൽ കർശന നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ലേണേഴ്സ് ലൈസൻസ് നൽകുന്നതിന് മുമ്പായി ഗതാഗത നിയമങ്ങൾ സംബന്ധിച്ച് 2011 മുതൽ പരിശീലന ക്ലാസ്സുകൾ നൽകിവരുന്നുണ്ട്. സുപ്രീംകോടതി നിയോഗിച്ച സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിലും കൗൺസിലിംഗ് നൽകുന്നുണ്ട്. സമിതിയുടെ നിർദ്ദേശങ്ങൾ ലഭിച്ചത് 19-8-2015-ന് ആയിരുന്നു. 3-9-2015 മുതൽ നടപ്പാക്കുകയുണ്ടായി.

ജലഗതാഗത വകുപ്പ്

356 (367) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജല ഗതാഗത വകുപ്പിന്റേത് ഉൾപ്പടെ സംസ്ഥാനത്ത് വിവിധ ഭാഗങ്ങളിലായി സർവ്വീസ് നടത്തി വരുന്ന ബോട്ടുകൾ എത്രയാണ് ;

(ബി) സുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി സർവ്വീസ് നടത്തി വരുന്ന ബോട്ടുകളുടെയെല്ലാം ഓഡിറ്റ് നടത്തിയിട്ടുണ്ടോ ; തന്നാണ്ടിൽ അവശേഷിക്കുന്ന ഓഡിറ്റ് എത്ര ;

LIBRARY ARCHIVES Kerala Legislative Assembly